**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** — **19-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടന്നു വരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>(1) മുക്കോട് യു.പി. സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം</u> - മുക്കോട് യു.പി. സ്കൂളിൽ പുതിയ കെട്ടിടത്തിന് 19/01/2024 ലെ G.O (Rt) No. 527/2024/GEDN ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. AR ഡ്രോയിംഗ് തയ്യാറാക്കുന്നതിന് Requirement ലഭിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ 21/05/2024-ന് സ്കൂൾ ഹെഡ്മിസ്ട്രസിന് കത്ത് നൽകി, 04/05/2024-ന് BSK/D2/10575 കത്ത് പ്രകാരം നിലവിലെ കെട്ടിടം അടിയന്തരമായി പൊളിച്ചു നീക്കാൻ നടപടികൾ സ്വീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശവും<br>നൽകിയിട്ടുണ്ട്.<br><br><u>(2) ഗവ. യു.പി.എസ് നല്ലില - രണ്ട് നില കെട്ടിടത്തിന്റെ നിർമ്മാണം</u> - 10/03/2024 - ലെ സർക്കാർ ഉത്തരവ് (സാധാ) നം. 334/2024/ പൊതുമരാമത്ത് വകുപ്പ് പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുക ഉണ്ടായി ഈ പ്രവൃത്തിയുടെ സാങ്കേതിക അനുമതി<br>നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>(3) ഗവ. എച്ച്.എസ് എസ് പെരിനാട് സ്കൂളിന്റെ കെട്ടിട നിർമ്മാണം-</u><br>21/03/2022 - ലെ സ.ഉ (സാധാ) നം. 1876/2022/ പൊവിവ. പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി നടന്നു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | **(4) <u>പേരൂർ മീനാക്ഷി വിലാസം ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം</u>- 08/03/2023 ലെ ഡി4 349/2023 എൽ.എ.സി-എ.ഡി.എസ് പ്രകാരം 35 ലക്ഷത്തിന് ഭരണാനുമതി നൽകുകയുണ്ടായി നിലവിൽ കരാറുകാരനെ റിസ്ക്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ